പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 451 | 06.02.2014 ൽ മറുപടിക്ക്

## ക്രിമിനൽ നീതി നിർവ്വഹണ സംവിധാനത്തിന്റെ വിശ്വാസ്യത

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, വി. ശ്രീരാമകൃഷ്ണൻ<br>,, രാജു എബ്രഹാം<br>,, എസ്. ശർമ്മ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | ഏതൊരാളെയും ഏത് കേസിലും എപ്പോഴും പ്രതിയാക്കാമെന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴത്തെ ക്രിമിനൽ നീതിനിർവ്വഹണ സംവിധാനത്തിൽ ഉണ്ടായിരിക്കുന്നതെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ ; | (എ) | ഏതൊരാളേയും ഏത കേസിലും എപ്പോഴും പ്രതിയാക്കാമെന്ന സ്ഥിതി വിശേഷം സംസ്ഥാനത്ത് നിലവിലില്ല. |
| (ബി) | പോലീസ് അന്വേഷണം രാഷ്ട്രീയ പ്രേരിതവും വൈരനിര്യാതന ബുദ്ധിയോടും കൂടിയായിരിയ്ക്കുന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ ; | (ബി) | ഭരണഘടനയ്ക്കനുസൃതമായി നിലവിലുള്ളതും കാലാകാലങ്ങളിൽ നിർമ്മിക്കുന്നതുമായ നിയമങ്ങൾക്കനുസരിച്ചുള്ള ഉത്തരവാദിത്വങ്ങൾ നിഷ്പക്ഷമായ രീതിയിലാണ് പോലീസ് നിർവ്വഹിച്ച വരുന്നത്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായ അന്വേഷണ രീതിയാണ് പോലീസ് സ്വീകരിച്ച വരുന്നത്. |
| (സി) | പോലീസ്സേനയെ ഈ നിലയിൽ ഉപയോഗിച്ചാൽ ക്രിമിനൽ നീതിനിർവ്വഹണ സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്കും സ്വീകാര്യതയ്ക്കും കോട്ടം തട്ടുമെന്ന കാര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ ? | (സി) | ക്രിമിനൽ നീതി നിർവ്വഹണത്തിന്റെ വിശ്വാസ്യതയ്ക്കും, സ്വീകാര്യതയ്ക്കും കോട്ടം തട്ടാത്ത രീതിയിലാണ് പോലീസ് സേന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ